(എഫ്) കരട് രൂപരേഖയ്ക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരവും ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുവാൻ സാധിക്കും.

(ജി) ഇക്കാര്യത്തിൽ തീരുമാനം ആയിട്ടില്ല.

ഗ്രാം സഡക് യോജന പ്രകാരം പണി പൂർത്തിയാകാത്ത റോഡുകൾ

163 [1882] ശ്രീ. വി. ഡി. സതീശൻ :
" ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
" എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ ഗ്രാം സഡക് യോജന പ്രകാരം പണിയാരംഭിച്ച റോഡുകളുടെ പണി എവിടെയെല്ലാം പൂർത്തിയാകാതെ കിടപ്പുണ്ട് ;

(ബി) ഇവ പൂർത്തിയാകാതെ കിടക്കാനുള്ള കാരണമെന്ത് ;

(സി) ഇപ്രകാരമുള്ള റോഡുകളുടെ പണി ഉടനടി പൂർത്തിയാക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് വരുന്നു.

പഴ സംസ്ക്കരണ പരിശീലന കേന്ദ്രങ്ങൾ

164 [1883] ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പഴം സംസ്ക്കരണ പരിശീലനത്തിനായി പുതുതായി എന്തെങ്കിലും പദ്ധതി അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ ;

(ബി) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിലുള്ള പഴ സംസ്ക്കരണ പരിശീലന കേന്ദ്രത്തിൽ എന്തെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ;

(സി) 2004 സാമ്പത്തിക വർഷത്തിൽ എത്ര തൊഴിൽദായകർ ഇവിടെ പരിശീലനം നേടിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. ബാലുശ്ശേരിയിലെ ക്ഷീരസംസ്ക്കരണ പോഷകാഹാര കേന്ദ്രത്തിന്റെ വികസനംകൂടി ലക്ഷ്യമിട്ടുകൊണ്ട് ഒരു എസ്. ജി. എസ്. വൈ. സ്പെഷ്യൽ പ്രോജക്ടിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. നാളികേര സംസ്ക്കരണവും അതിനോടനുബന്ധിച്ച വിഭവങ്ങളും പരിശീലിപ്പിക്കുന്നതിനായി കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന് ഒരു പ്രോജക്റ്റ് സമർപ്പിച്ചിട്ടുണ്ട്.

(സി) 2004-05 സാമ്പത്തിക വർഷത്തിൽ 1 ദിവസം മുതൽ 1 മാസം വരെ ദൈർഘ്യമുള്ള വിവിധ പരിശീലന പരിപാടികളിലായി ആകെ 1006 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

സഡക് യോജന പദ്ധതിയിൽ അരീക്കോട് ബ്ളോക്കിലെ

റോഡിന്റെ നിർമ്മാണം

165 [1884] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഡക് യോജന പദ്ധതിയിൽ അരീക്കോട് ബ്ളോക്കിലെ പുൽപ്പറ്റ പഞ്ചായത്തിൽ അനുവദിച്ച റോഡിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് ;

(സി) പ്രസ്തുത റോഡിന്റെ പ്രവർത്തനം തടസ്സപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഈ റോഡിന്റെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ റോഡിന്റെ നിർമ്മാണം തുടങ്ങിയിട്ടില്ല.

(ഡി) 30-9-2005-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അഞ്ചൽ ബ്ളോക്ക് പദ്ധതികൾക്ക് നബാർഡിന്റെ സഹായം

166 [1885] ശ്രീ. പി. എസ്.സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2004-05 സാമ്പത്തിക വർഷം അഞ്ചൽ ബ്ളോക്ക് പഞ്ചായത്തിലെ ഏതെല്ലാം പദ്ധതികൾക്ക് നബാർഡിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly